പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2186 | 22.01.2014-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ അന്തർദേശീയ കായികമേളകളിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുളള എത്ര കായികതാരങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായമുൾപ്പെടെയുളള വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ എത്ര പേർക്ക് നൽകിയെന്നും എത്ര പേർക്ക് സഹായം ലഭിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; | |
| (സി) ബാക്കിയുളളവർക്ക് സഹായം എപ്പോൾ നൽകുമെന്ന് അറിയിക്കാമോ ? | (സി) സഹായങ്ങൾ നൽകുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന അനുവദിച്ച ധനസഹായം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ

1. ലോക സ്കൂൾ ജിംനേഷ്യാഡിന്റെ ഭാഗമായി 2013 നവംബർ 27 മുതൽ ഡിസംബർ 3 വരെ ബ്രസീലിൽ വെച്ച് നടന്ന ലോക സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുവേണ്ടി, ഇനി പറയുന്ന കേരളത്തിലെ നാല് കായിക താരങ്ങൾക്ക് രണ്ടര ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.
   i. കുമാരി അഞ്ജലി ജോസ് , എം. ടി സെമിനാരി ഹയർ സെക്കന്ററി സ്കൂൾ കോട്ടയം
   ii. കുമാരി ലേഖ ഉണ്ണി, സേക്രട്ട് ഹാർട്ട് ഹയർ സെക്കറി സ്കൂൾ എറണാകുളം
   iii. കുമാരി എ. പി ഷിൽബി, എ.ബി വിലാസം സ്കൂൾ മുഹമ്മ, ആലപ്പുഴ
   iv. കുമാരി മരിയ ജെയ്സൺ, സെന്റ് മേരീസ് സ്കൂൾ, പാല
   v.
2. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച കുമാരി ടിന്റു ലൂക്കയ്ക്ക് വീട് വെയ്ക്കുന്നതിന് 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.
3. 2012 കോമൺവെൽത്ത് വെയ്റ്റ്ലിഫ്റ്റിങ്ങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് വേണ്ടി സ്വർണ്ണമെഡൽ നേടിയ ശ്രീ. ശ്യാംലാലിന് വീട് വെയ്ക്കുന്നതിന് 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപ സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.
4. പോളണ്ടിൽ വെച്ച് നടന്ന ലോക പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുക്കുന്നതിനായി ശ്രീ. സിറാജിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.
5. കെനിയയിൽ വെച്ച് നടന്ന റോൾ ബോൾ ലോകകപ്പ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി ശ്രീ. എൻ മനോജിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.
6. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയ കുമാരി പി ശ്രീജയ്ക്ക് ധനസഹായമായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സഹായം കൈമാറിയിട്ട്.
7. ദേശീയ അന്തർദേശീയ തലത്തിൽ (പാരാലിംപ്കിസ്) മികച്ച പ്രകടനം കാഴ്ചവെച്ചതിന് ശ്രീ. ജോബി മാത്യുവിന് 2 ലക്ഷം രൂപ സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.
8. ഏഷ്യാ പസഫിക് സ്പെഷ്യൽ ഒളിമ്പിക്സ് ജേതാക്കൾക്കും പരിശീലകർക്കുമായി (36 കായിക താരങ്ങൾക്കും, 7 ഒഫിഷ്യൽ സിനും) 17,65,000/- രൂപ സാമ്പത്തിക സഹായം കൈമാറിയിട്ടണ്ട്.
9. സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സിൽ പങ്കെടുത്ത് വിജയിച്ച മാനസിക വെല്ലുവിളികൾ നേരിടുന്ന കായിക താരങ്ങൾക്കും, പരിശീലകർക്കും, അവർ പഠിച്ച സ്ഥാപനങ്ങൾക്കുമായി 30,50,000/- രൂപ സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്

10. ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിന് ശ്രീ.ശ്രീജേഷിന് 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.

11. ജൂനിയർ ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച കുമാരി മരിയ റോണിയ്ക്ക് 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.

12. ഹാന്റ്ബോൾ നാഷണൽ സ്കൂൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത കായിക താരങ്ങൾക്കായി 5,60,000/- രൂപ (അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.

13. 2011-12 വർഷത്തിൽ ദേശീയ സീനിയർ വോളീബോൾ ചാമ്പ്യൻഷിപ്പിൽ വിജയികളായ കേരള ടീമിന് ( പുരുഷ, വനിത) 5,60,000/- രൂപ (അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.

14. ലണ്ടൻ ഒളിമ്പിക്സിൽ പങ്കെടുത്ത 6 കായിക താരങ്ങൾക്കും, 2 ഒഫീഷ്യൽസിനുമായി 2 ലക്ഷം രൂപ വീതം 16 ലക്ഷം രൂപ സാമ്പത്തിക സഹായം കൈമാറിയിട്ടുണ്ട്.

15. 2011-12 വർഷം ദേശീയ അന്തർദേശീയ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവച്ച വിവിധ കായിക ഇനങ്ങളിൽപ്പെട്ട 671 കായിക താരങ്ങൾക്ക് 05.07.2012-ൽ സെനറ്റ് ഹാളിൽ വച്ചു നടന്ന ചടങ്ങിൽ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

അതോടൊപ്പം 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിൽ ക്യാഷ് അവാർഡിന് അർഹരായ കായിക താരങ്ങൾക്കും ജാർഖണ്ഡിൽ വച്ചു നടന്ന 34-ാമത് ദേശീയ ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്കും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക ക്യാഷ് അവാർഡും വിതരണം ചെയ്യുകയുണ്ടായി.

ആയത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2008-09 - 671 കായിക താരങ്ങൾക്ക്
2. 2009-10 - 609 കായിക താരങ്ങൾക്ക്
3. 2010-11 - 636 കായിക താരങ്ങൾക്ക്
4. 34-ാമത് ദേശീയ ഗെയിംസ് - 199 കായിക താരങ്ങൾക്ക്

**കായികയുവജനകാര്യ ഡയറക്ടറേറ്റ് മുഖേന അനുവദിച്ച ധനസഹായം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ**

| | | |
|---|---|---|
| 1. | ശ്രീ.സുരേഷ്കുമാർ (പർവ്വതാരോഹകൻ) | - 1,00,000/- രൂപ |
| 2. | ശ്രീ.കെ.യു.സിറാജുദ്ദീൻ (ആം റെസ്ലർ) | - 70,000/- രൂപ |
| 3. | കുമാരി.നയനാ രാജേഷ് (സൈക്ലിസ്റ്റ്) | - 2,00,000/ രൂപ (സൈക്കിൾ വാങ്ങുന്നതിന്) |
| 4. | ശ്രീ.ആനന്ദ്. ആർ (ഫെൻസിംഗ്) | - 50,000/- രൂപ |
| 5. | ശ്രീ.രാജ്കുമാർ (ബാസ്ക്കറ്റ്ബോൾ) | - 10,000/- രൂപ |

6. ശ്രീ.എൻ.നാരായണൻ (ചെസ്സ്) - 1,00,000/- രൂപ
7. കുമാരി.ബിസ്മി.എസ്സ് (സൈക്ക്ളിസ്റ്റ്) - 2,00,000/- രൂപ (സൈക്കിൾ വാങ്ങുന്നതിന്)

8. ശ്രീമതി.എലിസബത്ത് സൂസൻ കോശി - 3,00,000/- രൂപ (ഷൂട്ടിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും മീറ്റിൽ പങ്കെടുക്കുന്നതിനും)
9. ശ്രീ.മുരളീധരൻ (നീന്തൽതാരം) - 5,00,000/- രൂപ
10. കുമാരി ജെസി ജോസഫ് (അത്‌ലറ്റ്) - 5,00,000/- രൂപ (വീട് നിർമ്മിക്കുന്നതിന്)
11. 2013-ൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത 36 കുട്ടികൾക്കും 8 അദ്ധ്യാപകർക്കുമായി 28,60,000/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അനുവദിക്കുകയുണ്ടായി.

<u>ഇനിയും സഹായം നൽകുവാൻ ബാക്കിയുള്ളവരുടെ വിവരങ്ങൾ</u>

1. ഇറ്റാവയിൽ വെച്ച് നടന്ന 58-ാമത് ദേശീയ സ്കൂൾ അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുത്ത് വിജയിച്ച 133 കായിക താരങ്ങൾക്കും, 22 പരിശീലകർക്കും.

2. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം (അതായത് 01.04.2012 മുതൽ 31.03.2013) 2012-13 ദേശീയ അന്തർദേശീയ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവച്ച വിവിധ കായിക ഇനങ്ങളിൽപ്പെട്ട 734 കായിക താരങ്ങൾക്ക്.

3. ലോക ഡ്വാർഫ് ഒളിമ്പിക്സിൽ പങ്കെടുത്ത് നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ ജോബി മാത്യുവിന് 5 ലക്ഷം രൂപയും, ശ്രീ ആകാശ് മാധവന് 1 ലക്ഷം രൂപയും ധനസഹായമായി അനുവദിയ്ക്കേണ്ടതുണ്ട്.

4. ഏഷ്യൻ ചെസ് ചാമ്പ്യൻഷിപ്പിലും, ഏഷ്യൻ റാപ്പിഡ് ചെസ്സ് ചാമ്പ്യൻഷിപ്പിലും സ്വർണ്ണ മെഡൽ നേടിയ മാസ്റ്റർ നിഖിൽ രാമകൃഷ്ണന് പ്രോത്സാഹനമായി 1 ലക്ഷം രൂപ ധനസഹായമായി അനുവദിയ്ക്കേണ്ടതുണ്ട്.

5. കേരളത്തിലെ പ്രഥമ ഗ്രാന്റ് മാസ്റ്ററായ ശ്രീ. ജി.എൻ ഗോപാലിന് 10 ലക്ഷം രൂപ ധനസഹായമായി അനുവദിയ്ക്കേണ്ടതുണ്ട്.

6. കോലാലംപൂരിൽ വെച്ച് നടന്ന ഏഷ്യൻ സ്കൂൾ ട്രാക്ക് ആന്റ് ഫീൽഡ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് മെഡൽ നേടിയ 9 കായിക താരങ്ങൾക്കായി 7,40,000/- രൂപ ധനസഹായമായി അനുവദിയ്ക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ